"CORRUPTION, A CRIME AGAINST NATION"
ഭരണഭാഷ മാതൃഭാഷ

**തിരുവനന്തപുരം, വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ**
**പോലീസ് സൂപ്രണ്ട് (ഇന്റലിജൻസ്)-ന്റെ നടപടിക്രമം**
**സാന്നിധ്യം : ഇ.ഷെരീഫുദ്ദീൻ ഐ.പി.എസ്**

വിഷയം : വി.എ.സി.ബി - ജീവനക്കാര്യം - വി.എ.സി.ബിയിലെ ക്ലാർക്കുമാരുടെ 1.04.2018 അടിസ്ഥാനമാക്കിയുള്ള അന്തിമ സീനിയോറിറ്റിലിസ്റ്റ് പ്രസിദ്ധീകരിച്ച് ഉത്തരവാകുന്നത് - സംബന്ധിച്ച്

സൂചന : 25.05.2018 തീയതിയിലെ എ2-11239/2018/DVACB നമ്പർ ഉത്തരവ്

**ഉത്തരവ് നമ്പർ : A2-11239/2018/DVACB തീയതി. 06-10-2018**

വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയിലെ ക്ലാർക്കുമാരുടെ 1.04.2018 അടിസ്ഥാനമാക്കിയുള്ള പ്രൊവിഷണൽ സീനിയോറിറ്റിലിസ്റ്റ് പരാമർശത്തിലെ ഉത്തരവ് പ്രകാരം പ്രസിദ്ധീകരിക്കുകയും ലിസ്റ്റ് സംബന്ധിച്ച് എന്തെങ്കിലും ആക്ഷേപങ്ങളോ അപാകതകളോ ഉണ്ടെങ്കിൽ 30 ദിവസത്തിനുള്ളിൽ അറിയിക്കുന്നതിന് ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥരോടും നിർദ്ദേശിക്കുകയും ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന ജീവനക്കാർ അപേക്ഷകൾ സമർപ്പിച്ചിരുന്നു.

2. കോട്ടയം, കിഴക്കൻ മേഖല ഓഫീസിലെ സീനിയർ സൂപ്രണ്ട് ശ്രീ.ഇല്യാസ്.എൻ.കെ സീനിയോറിറ്റിലിസ്റ്റിൽ ടിയാളുടെ പേര് ഉൾപ്പെടുത്തണമെന്ന് അപേക്ഷിച്ചിരിക്കുന്നു. ലഭ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ, സീനിയർ സൂപ്രണ്ട് ശ്രീ.ഇല്യാസ്.എൻ.കെ-യുടെ പേര് ലിസ്റ്റിൽ Sl.No.4 ആയി ഉൾപ്പെടുത്തുന്നു.

3. ജനനത്തീയതിയതിലുള്ള അപാകതകൾ പരിഹരിക്കുന്നതിനും അധിക യോഗ്യതകൾ ചേർക്കുന്നതിനും താഴെ പറയുന്ന ജീവനക്കാർ അപേക്ഷിച്ചിരിക്കുന്നു.

എ) ഡയറക്ടറേറ്റിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്, ശ്രീമതി.എസ്.ജയ, ജനനത്തീയതി 18.10.1964 എന്നതിനു പകരം 13.10.1964 എന്ന് രേഖപ്പെടുത്തിയിരിക്കുന്നത് തിരുത്തണമെന്ന് അപേക്ഷിച്ചിരിക്കുന്നു.

ബി) ഡയറക്ടറേറ്റിലെ ക്ലാർക്ക്, ശ്രീമതി.ബീന.ഡി.ആർ, ജനനത്തീയതി 31.05.1977 എന്നതിനു പകരം 31.05.1997 എന്ന് രേഖപ്പെടുത്തിയിരിക്കുന്നത് തിരുത്തണമെന്ന് അപേക്ഷിച്ചിരിക്കുന്നു.

സി) തിരുവനന്തപുരം, സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ്-2 ഓഫീസിലെ ക്ലാർക്ക്, കുമാരി.കാർത്തിക.ജി, യോഗ്യതകളിൽ "MOP"കൂടി ഉൾപ്പെടുത്തണമെന്ന് അപേക്ഷിച്ചിരിക്കുന്നു.

ഡി) എറണാകുളം, മദ്ധ്യമേഖല ഓഫീസിലെ ക്ലാർക്ക്, ശ്രീമതി.ചാന്ദിനി താജ്, യോഗ്യതകളിൽ "Police Mannual"കൂടി ഉൾപ്പെടുത്തണമെന്ന് അപേക്ഷിച്ചിരിക്കുന്നു.

ഇ) എറണാകുളം, മദ്ധ്യമേഖല ഓഫീസിലെ ക്ലാർക്ക്, ശ്രീ.പരീക്കുഞ്ഞ്.കെ.എ, യോഗ്യതകളിൽ "Degree", "MOP" എന്നിവ കൂടി ഉൾപ്പെടുത്തണമെന്ന് അപേക്ഷിച്ചിരിക്കുന്നു.

എഫ്) എറണാകുളം, മദ്ധ്യമേഖല ഓഫീസിലെ ക്ലാർക്ക്, ശ്രീമതി.ധന്യ.എം, യോഗ്യതകളിൽ "MOP" കൂടി ഉൾപ്പെടുത്തണമെന്ന് അപേക്ഷിച്ചിരിക്കുന്നു.

ജി) എറണാകുളം, സ്പെഷ്യൽ സെൽ ഓഫീസിലെ സീനിയർ ക്ലാർക്ക്, ശ്രീ.മധു.ഡി യോഗ്യതകളിൽ "MBA", "MA" എന്നിവ കൂടി ഉൾപ്പെടുത്തണമെന്ന് അപേക്ഷിച്ചിരിക്കുന്നു.

എച്ച്) ഡയറക്ടറേറ്റിലെ ക്ലാർക്ക്, ശ്രീ.ഷമീർ.എസ്, യോഗ്യതകളിൽ "Account Test (Higher)" കൂടി ഉൾപ്പെടുത്തണമെന്ന് അപേക്ഷിച്ചിരിക്കുന്നു.

4. ലഭ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ ടി ജീവനക്കാരുടെ അപേക്ഷകൾ പരിശോധിച്ച് ബോധ്യപ്പെട്ടതിനാൽ അപേക്ഷകളിൽ പറഞ്ഞിട്ടുള്ള തിരുത്തലുകൾ വരുത്തുകയും വിവരങ്ങൾ ഉൾപ്പെടുത്തുകയും ചെയ്യുന്നു.

5. ഡയറക്ടറേറ്റിലെ ക്ലാർക്ക് ശ്രീമതി.രജിത.കെ.ഡി (Sl.No-167 in Provisional List)), ശ്രീമതി.ആതിര.ജി.ആർ (Sl.No-166 in Provisional List)-ന്റെ സ്ഥാനത്തിനുമുകളിലേയ്ക്ക് സീനിയോറിറ്റി ഉയർത്തി നൽകണമെന്ന് അപേക്ഷിച്ചിരിക്കുന്നു. ശ്രീമതി.രജിത.കെ.ഡി, കാസറഗോഡ് ജില്ലാ പി.എസ്.സി

ഓഫീസറുടെ 7.08.2017 തീയതിയിലെ ശുപാർശ കത്ത് പ്രകാരവും ശ്രീമതി.ആതിര.ജി.ആർ, തിരുവനന്തപുരം ജില്ലാ പി.എസ്.സി ഓഫീസറുടെ 7.08.2017 തീയതിയിലെ ശുപാർശ കത്ത് പ്രകാരവും വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയിൽ നിയമിതരായവരാണ്. കെ.എസ്.&എസ്.എസ്.ആർ ചട്ടം 27(a)(i) പ്രകാരം വ്യത്യസ്ത ജില്ലാ പി.എസ്.സി ഓഫീസുകൾ മുഖേന ഒരേ തീയതിയിലെ നിയമന ശുപാർശ പ്രകാരം നിയമനം ലഭിച്ചവരിൽ പ്രായക്കൂടുതലുള്ളയാളെ സീനിയറായി കണക്കാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ശ്രീമതി.രജിത.കെ.ഡിയുടെ ജനനത്തീയതി 30.05.1979 ഉം ശ്രീമതി.ആതിര.ജി.ആർ-ന്റെ ജനനത്തീയതി 11.05.1981 ഉം ആയതിനാൽ സീനിയോറിറ്റി ലിസ്റ്റിൽ ശ്രീമതി.രജിത.കെ.ഡി-യുടെ സ്ഥാനം ശ്രീമതി.ആതിര.ജി.ആർ-ന്റെ സ്ഥാനത്തിനു മുകളിലേയ്ക്ക് ഉയർത്തി നൽകുന്നു.

5. ഈ സാഹചര്യത്തിൽ, മുകളിൽ പറഞ്ഞിട്ടുള്ള പ്രകാരം കൂട്ടിച്ചേർക്കലുകളും തിരുത്തലുകളും ഉൾപ്പെടുത്തിക്കൊണ്ട് വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയിലെ ക്ലാർക്കുമാരുടെ 1.04.2018 അടിസ്ഥാനമാക്കിയുള്ള അന്തിമ സീനിയോറിറ്റിലിസ്റ്റ് ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥരുടേയും അറിവിലേയ്ക്കായി ഇതോടൊപ്പം പ്രസിദ്ധീകരിക്കുന്നു.

06-10-2018
ഇ.ഷെരിഫുദ്ദീൻ,
പോലീസ് സൂപ്രണ്ട് ഇന്റലിജൻസ്

സ്വീകർത്താവ് : ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥർക്കും (ഔദ്യോഗിക വെബ്സൈറ്റ് മുഖേന)

പകർപ്പ് : എസ്.എഫ്/ആർ.എഫ്